പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 461 02-12-2014-ൽ മറുപടിയ്ക്ക്

## മദ്യ വരുമാനം

ചോദ്യം: ഉത്തരം:

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ. കെ. എം. മാണി
(ധനകാര്യവും, നിയമവും
ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വിവിധ നിലയിലുള്ള മദ്യ വരുമാന മാർഗ്ഗങ്ങളിലൂടെ 2013-14 സാമ്പത്തിക വർഷം സംസ്ഥാന ഖജനാവിൽ ലഭിച്ച മൊത്തം തുക എത്രയായിരുന്നു; വിശദമാക്കുമോ ; | (എ) | 2013-14 സാമ്പത്തിക വർഷം വിവിധനിലയിലുള്ള മദ്യ വരുമാന മാർഗ്ഗങ്ങളിലൂടെ സംസ്ഥാന ഖജനാവിൽ ലഭിച്ച തുക 1931.89 കോടി രൂപയാണ്. ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ഇനം | സമാഹരിക്കുവാൻ ലക്ഷ്യമിട്ട തുക (കോടിയിൽ) | സമാഹരിച്ച തുക (കോടിയിൽ) |
|---|---|---|
| നാടൻ ചാരായങ്ങൾ | 6.01 | 0.17 |
| കള്ള് | 32.88 | 29.14 |
| യവമദ്യം | 159.00 | 114.87 |
| വിദേശമദ്യം | 2469.99 | 1744.39 |
| വീര്യം കുറഞ്ഞ ചാരായവും ഔഷധീകരിച്ച വീഞ്ഞും വാണിജ്യപരമായ മദ്യങ്ങളും | 0.50 | 0.14 |
| മദ്യസാരം, കറുപ്പ് മുതലായവ അടങ്ങിയ ഔഷധീയവും ചാരായ സംബന്ധവുമായ സാമഗ്രികൾ | 0.90 | 0.89 |
| കറുപ്പും ഭംഗും | | |

| | | | |
|---|---|---|---|
| | | | മരുന്നുകളും \| 0.26 \| 0.15<br>പിഴയും കണ്ടു കെട്ടലും \| 99.00 \| 12.54<br>മറ്റു വരവുകൾ \| 40.62 \| 29.6<br>ആകെ \| 2719.16 \| 1931.89 |
| (ബി) | തന്നാണ്ടിൽ വരുമാനം എത്രയായിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | 2719.16 കോടി രൂപ |
| (സി) | സർക്കാർ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച അബ്കാരി നയത്തിന്റെ പശ്ചാത്തലത്തിൽ തന്നാണ്ടിലെ വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എത്ര ; | (സി) | വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്. തുക കണക്കാക്കിയിട്ടില്ല. |
| (ഡി) | വരുമാനത്തിലെ കുറവ് മറ്റേതെങ്കിലും നിലയിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഡി) | എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് പുതിയ മദ്യനയം നിലവിൽ വന്നതിന് ശേഷം മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്. മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടു വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യവിൽപ്പനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മദ്യത്തിന്മേലുള്ള വിൽപ്പന നികുതി ഫീസ് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രഖ്യാപിത ബഡ്ജറ്റിന്റെ നടത്തിപ്പിൽ വരുമാനത്തിലുണ്ടാകുന്ന കുറവ് ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിശദമാക്കുമോ ? | (ഇ) | വരുമാനത്തിലുണ്ടായ കുറവ് ബഡ്ജറ്റിന്റെ നടത്തിപ്പിൽ പ്രതികൂലമായി ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ